പത്രക്കുറിപ്പ്
2-6-2018

## സർക്കാരിന്റെ രണ്ടാം വർഷം:
## **പി.ആർ.ഡി മേളകളിൽ നിന്നും കുടുംബശ്രീ സംരംഭകർക്ക് 1.24 കോടി രൂപയുടെ വിറ്റുവരവ്**

തിരുവനന്തപുരം: എൽ.ഡി.എഫ് സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് ഇൻഫർമേഷൻ ആൻഡ് പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ച ഉൽപന്ന പ്രദർശന വിപണന മേളകളിൽ നിന്നും കുടുംബശ്രീ സംരംഭകർ നേടിയത് 1.24 കോടി രൂപയുടെ വിറ്റുവരവ്. ആകെ 368 സ്റ്റാളുകളിലായി മൂവായിരത്തിലേറെ സംരംഭകരുടെ ഉൽപന്നങ്ങളാണ് മേളയിൽ വിറ്റഴിഞ്ഞത്.

തിരഞ്ഞെടുപ്പ് പ്രമാണിച്ച് ആലപ്പുഴ ജില്ലയൊഴികെ ബാക്കി ജില്ലകളിലെല്ലാം മേള സംഘടിപ്പിച്ചു. കുടുംബശ്രീ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ, കരകൗശല വസ്തുക്കൾ, ഗാർമെന്റ്സ്, ടോയ്‌ലെറ്ററീസ്, വിവിധതരം കറി പൗഡറുകൾ, അച്ചാറുകൾ, ജാമുകൾ, സ്ക്വാഷ് എന്നിവയാണ് പ്രധാനമായും വിപണനത്തിച്ചത്. ഏറ്റവും കൂടുതൽ സ്റ്റാളുകൾ പ്രവർത്തിച്ചത് പാലക്കാട് ജില്ലയിലാണ്. 45 എണ്ണം. പത്തനംതിട്ട, തൃശൂർ, മലപ്പുറം ജില്ലകൾ 40 വീതം സ്റ്റാളുകളുമായി മേളയിൽ പങ്കെടുത്തു. ഏഴു ദിവസത്തെ മേളയിൽ നിന്നും 25 ലക്ഷം രൂപയുമായി ഏറ്റവും കൂടുതൽ വിറ്റുവരവ് നേടിയത് പാലക്കാട് ജില്ലയാണ്. 15 ലക്ഷം രൂപയുടെ വിറ്റുവരവുമായി തൃശൂർ ജില്ല രണ്ടാമതും 14 ലക്ഷം രൂപയുടെ വിറ്റുവരവുമായി തിരുവനന്തപുരം ജില്ല മൂന്നാമതും എത്തി. ഏഴു ദിവസത്തെ മേളയിൽ നിന്നും 1.24 കോടി രൂപയുടെ വിറ്റുവരവാണ് മേളയിൽ പങ്കെടുത്ത യൂണിറ്റ് അംഗങ്ങൾ സ്വന്തമാക്കിയത്.

ഉൽപന്ന പ്രദർശന വിപണന മേളയോടൊപ്പം പതിമൂന്ന് ജില്ലകളിലും കഫേ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഫുഡ് കോർട്ടും സജ്ജീകരിച്ചിരുന്നു. ആകെ 71 യൂണിറ്റുകളായി മുന്നൂറോളം വനിതകളാണ് ഇതിൽ പങ്കെടുത്തത്. തിരുവിതാംകൂർ-കൊച്ചി-മലബാർ രുചികളെ കോർത്തിണക്കി സംഘടിപ്പിച്ച ഫുഡ്കോർട്ട് ഭക്ഷണപ്രേമികൾ സജീവമാക്കിയതു വഴി 39,54,572 ലക്ഷം രൂപയുടെ വിറ്റുവരവ് നേടാൻ കഴിഞ്ഞിട്ടുണ്ട്. ഫുഡ്കോർട്ടിൽ നിന്നും ഏഴു ലക്ഷം രൂപയുമായി ഏറ്റവും കൂടുതൽ വിറ്റുവരവ് നേടിയത് കോഴിക്കോട് ജില്ലയാണ്. 5.83 ലക്ഷം നേടി തിരുവനന്തപുരം ജില്ല രണ്ടാമതും 5.64 ലക്ഷം രൂപ നേടി എറണാകുളം ജില്ല മൂന്നാമതും എത്തി.

ജില്ലാതലത്തിൽ മികച്ച സ്റ്റാളുകൾക്കുള്ള പി.ആർ.ഡിയുടെ പുരസ്കാരവും കുടുംബശ്രീക്ക് ലഭിച്ചു. മികച്ച സ്റ്റാളിനുള്ള പ്രത്യേക പുരസകാരം വയനാട് ജില്ലാമിഷനും വകുപ്പിതര വിഭാഗത്തിലെ മികച്ച സ്റ്റാളിനുള്ള അവാർഡ് കണ്ണൂർ ജില്ലാമിഷനും ലഭിച്ചു. സമഗ്ര മികവിനുള്ള പുരസ്കാരം പത്തനംതിട്ട ജില്ലാമിഷനും രണ്ടാം സ്ഥാനം തിരുവനന്തപുരം ജില്ലാമിഷനുമാണ്. മികച്ച പങ്കാളിത്തത്തിനുള്ള പുരസ്കാരം ഇടുക്കി ജില്ലാമിഷനും നേടി.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ